പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 257 — 28.05.2016 ൽ മറുപടിയ്ക്ക്

വിലക്കയറ്റം തടയൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എ.പി.അനിൽ കുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.പി.ടി.തോമസ്** | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

(എ) മുൻസർക്കാരിന്റെ കാലത്ത് വിലക്കയറ്റം നേരിടാൻ സിവിൽ സപ്ലൈസ് എന്തെല്ലാം ഇടപെടലുകളാണ് വിപണിയിൽ നടത്തിയതെന്ന് വിശദമാക്കാമോ;

(എ) പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തിരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയിരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും, സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തിയിരുന്നു. ടി പദ്ധതികളെല്ലാം തുടർ നടപടികളാണ്.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും, സിവിൽ സപ്ലൈസ് വകുപ്പിന്റേയും നേതൃത്വത്തിൽ, പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും, റെയ്ഡുകളും നടത്തിവരുന്നു.

(ബി) വിലക്കയറ്റം പിടിച്ചുനിർത്താൻ ആർക്കെല്ലാം എത്ര തുക സബ്സിഡിയായി നൽകിയെന്ന് വിശദമാക്കുമോ ;

(ബി) വിലക്കയറ്റം പിടിച്ചു നിർത്താൻ മുൻ സർക്കാരിന്റെ കാലത്ത് സപ്ലൈകോയ്ക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 118.35 |
| 2012-13 | 135 |
| 2013-14 | 116.02 |
| 2014-15 | 70 |
| 2015-16 | 99 |

കൃഷി വകുപ്പിൽ നിന്നും സഹകരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈയിനത്തിൽ എന്തു തുക സബ്സിഡിയായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

(സി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് സപ്ലൈകോയ്ക്ക് വിലക്കയറ്റം പിടിച്ചു നിർത്താൻ അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2006-07 | 30 |
| 2007-08 | 50 |
| 2008-09 | 105 |
| 2009-10 | 83 |
| 2010-11 | 76.31 |

കൃഷി വകുപ്പിൽ നിന്നും സഹകരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ